**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2707</u>** **<u>06-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കുറ്റ്യാടി മണ്ഡലത്തിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ പുതുതായി വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>എല്ലാ നിയോജക മണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ മേൽ പ്രസ്താവിച്ച പ്രകാരം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.<br><br>**<u>അനെർട്ട്</u>**<br><br>വർദ്ധിച്ചു വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾക്ക് പുറമേ E-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർക്കാർ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ അനേർട്ടിന് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടില്ല. ഇ-കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായുള്ള ഡിസി ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും, കൂടാതെ ദേശീയപാത/ സംസ്ഥാന പാതയോട്ട ചേർന്ന് Cafeteria, Washroom സൗകര്യത്തോട്ട കൂടിയുള്ള 800sq.ft മുതൽ 1000sq.ft വരെ സ്ഥലവും 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്നും ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്കു ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12KW ശേഷിയുള്ള LECCS മെഷീനും 12KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണെന്നും അനെർട്ട് അറിയിച്ചിട്ടുണ്ട്. |
| (ബി) | കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ഇല്ലാത്തത് കാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>എല്ലാ നിയോജക മണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്, അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥല ലഭ്യത, ബഡ്ജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും, പ്രസ്തുത എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന് ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ മേൽ പ്രസ്താവിച്ച പ്രകാരം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **<u>അനെർട്ട്</u>**<br><br>കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ E-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ ലീസ് വ്യവസ്ഥയിൽ ലഭ്യമായിട്ടില്ല എന്നും ഇ-കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായുള്ള ഡിസി ഫാസ്റ്റ് ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും, കൂടാതെ ദേശീയപാത/ സംസ്ഥാന പാതയോടു ചേർന്ന് Cafeteria, Washroom സൗകര്യത്തോടു കൂടിയുള്ള 800sq.ft മുതൽ 1000sq.ft വരെ സ്ഥലവും 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ